**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട മോഹൻ ബി. യുടെ മകനും ആശ്രിതനുമായ ശ്രീ. മോബിൻ. എം.ബി.യ്ക്ക് തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(കൈ) നം.109/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/08/2018

---

പരാമർശം : 1) സ.ഉ. (പി) നം. 12/99/പി&എ ആർ.ഡി തീയതി. 24.5.1999.

2) ശ്രീ. മോബിൻ എം.ബി. സമർപ്പിച്ച 12.10.2017-ലെ അപേക്ഷ

3) പഞ്ചായത്ത് ഡയറക്ടറുടെ 05.01.2017-ലെ ഇ14-39471/2017 നമ്പർ കത്ത്

4) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12.04.2018-ലെഎസ്6-10276/2018നമ്പർ കത്ത്

5) സ.ഉ.(കൈ) നം.5/2018/ഉഭപവ തീയതി 21.02.2018

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട മോഹൻ. ബി. യുടെ മകനും ആശ്രിതനുമായ ശ്രീ. മോബിൻ. എം.ബി. , സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ നിയമപരമായ അനന്തരാവകാശികൾക്കായുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു

2. തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മോഹൻ . ബി 07.06.2004-ലാണ് നിര്യാതനാവുന്നത്. മോഹൻ ബി. 22 വർഷവും 1 0 മാസവും 8 ദിവസവും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. നിലവിൽ അപേക്ഷകന് 1 9 വയസ്സ് പൂർത്തിയായിട്ടുണ്ട്. ശ്രീ. മോബിൻ എം.ബി. തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സാക്ഷ്യപത്ര പ്രകാരം പരേതന്റെ ഭാര്യ, മകൻ (അപേക്ഷകൻ) എന്നിവരാണ് അനന്തരാവകാശികളായിട്ടുള്ളത്. അപേക്ഷകനായ ശ്രീ. മോബിൻ എം.ബി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പരേതന്റെ ഭാര്യ സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകൻ എസ്.എസ്.എൽ.സി. പാസ്സായതാണ്. ടിയാൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 3,24,000/- രൂപയാണെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീ. മോബിൻ എം.ബി. സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറും, തിരുവനന്തപുരം ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

3. മരണമടഞ്ഞ ജീവനക്കാരന്റെ അച്ഛൻ/അമ്മ ഒഴികെയുള്ളവർ ആശ്രിത നിയമനത്തിനായി അപേക്ഷിക്കുകയാണെങ്കിൽ ജീവനക്കാരന്റെ മാതാവ്/പിതാവ്/വിധവ/വിഭാര്യൻ എന്നിവരെ ജീവിതകാലം മുഴുവനും സംരക്ഷിക്കുന്നതാണെന്നും, അവിവാഹിതയായ സഹോദരി/

അവിവാഹിതനായ സഹോദരൻ എന്നിവരെ പ്രായപൂർത്തിയാകുന്നതുവരെ സംരക്ഷിക്കുന്നതാണെന്നുമുള്ള സമ്മതമൊഴി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് പരാമർശം (5) ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംരക്ഷണ സമ്മതമൊഴി അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട മോഹൻ ബി. യുടെ മകനും ആശ്രിതനുമായ ശ്രീ. മോബിൻ. എം.ബി.യുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരേതനായ മോഹൻ ബി.യുടെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ അപേക്ഷകന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

1. ശ്രീ. മോബിൻ എം.ബി,

എം.ബി. കോട്ടേജ്, ഊരുട്ടുകാല, നെയ്യാറ്റിൻകര, തിരുവനന്തപുരം-695 121

(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

3. ജില്ലാ കളക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ